# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 മെയ് 29**

---

## ജെ.ആർ.എഫ് ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ ഒരു പ്രോജക്ടിൽ ജൂണിയർ റിസർച്ച് ഫെലോയുടെ ഒരൊഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. എസ്.ഇ.ആർ.ബി യുടെ ധനസഹായത്തോടെയുള്ള പ്രോജക്ടിൻറെ കാലാവധി മൂന്നു വർഷത്തേക്കാണ്.

എൻ.ഇ.ടി അല്ലെങ്കിൽ ജി.എ.ടി.ഇ സ്കോറോടു കൂടി കെമിസ്ട്രിയിൽ ബിരുദാനന്തര ബിരുദമാണ് വിദ്യാഭ്യാസ യോഗ്യത. ഈ യോഗ്യതയുള്ളവരുടെ അഭാവത്തിൽ മികച്ച അക്കാദമിക പശ്ചാത്തലമുള്ളവരെയും പരിഗണിക്കും.

പ്രായപരിധി 28ൽ താഴെ. ആദ്യ രണ്ടു വർഷം പ്രതിമാസം 31000 രൂപയും തുടർന്ന് ഒരു വർഷം പ്രതിമാസം 35000 രൂപയും എച്ച്.ആർ.എ യും ആണ് ഫെലോഷിപ്പ്. (എസ്.ഇ.ആർ.ബി യുടെ മാനദണ്ഡങ്ങൾക്ക് വിധേയം).

യോഗ്യരായവർ പൂർണമായ സി.വിയും അപേക്ഷയും അനുബന്ധ രേഖകളും ഒറ്റ പി.ഡി.എഫ് ഫയൽ ആക്കി krishnankartha@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് ജൂൺ 10നു മുൻപ് അയക്കണം.

കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/580/2023)

## അധ്യാപക ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ എൻവയോൺമെൻറൽ സയൻസിലെ ഒരു
അധ്യാപക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു.

ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദമുള്ളവരെയാണ് പരിഗണിക്കുന്നത്. അധിക യോഗ്യതയുള്ളവർക്ക് മുൻഗണന ലഭിക്കും.

യോഗ്യരായവർ ബയോഡേറ്റാ civilserviceinstitute@mgu.ac.in എന്ന

വിലാസത്തിലേക്ക് ജൂൺ നാലിന് മുൻപ് അയക്കണം.

(പി.ആർ.ഒ/39/581/2023)

## എം.ബി.എ; മെയ് 31 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് മാനേജ്മെൻറ് ആൻറ് ബിസിനസ് സ്റ്റഡീസിൽ എം.ബി.എ കോഴ്സിലേക്ക് മെയ് 31 വരെ അപേക്ഷ സമർപ്പിക്കാം.

കൂടുതൽ വിവരങ്ങൾ https://admission.mgu.ac.in/ എന്ന ലിങ്കിൽ. ഫോൺ - 8714976955

(പി.ആർ.ഒ/39/582/2023)

## പരീക്ഷാ തീയതി

രണ്ടാം സെമസ്റ്റർ എം.ബി.എ(2018 അഡ്മിഷൻ സപ്ലിമെൻററി, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകൾ ജൂൺ 12 ന് തുടങ്ങും. വിശദമായ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/583/2023)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.എ മ്യൂസിക് ആൻറ് വയലിൻ സി.ബി.സി.എസ് - സ്പെഷ്യൽ സപ്ലിമെൻററി(2020 അഡ്മിഷൻ ബാച്ചിലെ പരാജയപ്പെട്ട വിദ്യാർഥികൾക്കു വേണ്ടി മാത്രം -ഏപ്രിൽ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം മെയ് 31, ജൂൺ ആറ് തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ നടക്കും.

(പി.ആർ.ഒ/39/584/2023)

## പരീക്ഷാ ഫലം

2022 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി അപ്ലൈഡ് മൈക്രോബയോളജി(പി.ജി.സി.എസ്.എസ് - റഗുലർ,സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ 10 വരെ ഓൺലൈനിൽ ഫീസടച്ച് അപേക്ഷിക്കാം.

............................

2022 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ - മ്യൂസിക് വോക്കൽ, മ്യൂസിക് വയലിൻ, മ്യൂസിക് വീണ, ഭരതനാട്യം, കഥകളി വേഷം, കഥകളി സംഗീതം, ചെണ്ട, മദ്ദളം(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ 10 വരെ ഓൺലൈനിൽ ഫീസടച്ച് അപേക്ഷിക്കാം.

(പി.ആർ.ഒ/39/585/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**